## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 575    01.12.2015- ൽ മറുപടിക്ക്**

## "ചെറുകിട വ്യവസായങ്ങൾ"

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | എ) & ബി) | സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരുന്നതിനും, കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനും വേണ്ടി സംരംഭകത്വ സഹായ പദ്ധതി (ഇ.എസ്.എസ് അഥവാ എന്റർപ്രീണർ സപ്പോർട്ട് സ്കീം) വഴി വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകർക്ക് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതുമുതൽ പദ്ധതി പ്രവൃത്തി പഥത്തിൽ എത്തുന്നതുവരെയുള്ള വിവിധ ഘട്ടങ്ങളിൽ അവർക്കാവശ്യമായ വിദഗ്ദ്ധോപദേശം ഉൾപ്പെടെയുള്ള സേവനങ്ങളും നൽകി വരുന്നു. ഇത്തരം പദ്ധതികളിലെ സംരംഭക നിക്ഷേപങ്ങൾക്ക് ഒറ്റത്തവണയായുള്ള സഹായവും സബ്സിഡിയായി വ്യവസായ വകുപ്പ് വഴി സംരംഭകർക്ക് നൽകിവരുന്നു.<br><br>വ്യവസായ സംരംഭകർക്ക് കുറഞ്ഞ ചെലവിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കികൊടുക്കുന്നതിന്റെ ഭാഗമായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിൽ വ്യവസായ വികസന ഏരിയ/പ്ലോട്ട്, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് |
| ബി) | കൂടുതൽ വ്യവസായ നിക്ഷേപം ലഭ്യമാക്കുന്നതിന് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ; | | |

എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു;

(i) Development Area/Development Plot – 38 എണ്ണം

(ii) Functional Industrial Estate – 02 എണ്ണം

(iii) Mini Industrial Estate – 85 എണ്ണം

കേരളത്തിൽ ഇപ്പോൾ നിലവിലുള്ള Development Area/Development Plot -കളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെയും അതുവഴി മെച്ചപ്പെട്ട ഉല്പാദനം ലക്ഷ്യമാക്കുന്ന തിന്റെയും ഭാഗമായി നിലവിലുള്ള Development Area/Development Plot വിപുലമായ നവീകരണം ലക്ഷ്യമിട്ടുകൊണ്ട് താഴെപ്പറയുന്ന അടിസ്ഥാന സൗകര്യ വികസനങ്ങൾ ക്കായി പരമാവധി 10 കോടി രൂപ മുതൽ മുടക്കിൽ നടപ്പിലാക്കുന്ന പദ്ധതികളാണ് MSE-CDP യിൽ കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റോഡുകൾ, ഖരദ്രവ്യ മാലിന്യ നിർമ്മാർജ്ജനം, പൊതു സൗകര്യ കേന്ദ്രങ്ങൾ, ബാങ്ക് ATM, തപാൽ സൗകര്യങ്ങൾ, ഫുഡ് കോർട്ട്, പവർ, വാട്ടർ സപ്ലൈ, കാന്റീൻ, സൈനേജ് ബോർഡ്, ട്രെയിനിംഗ് സെന്റേർസ് തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ പദ്ധതിയിൻ കീഴിൽ പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്, തിരുവനന്തപുരം ജില്ലയിലെ കൊച്ചുവേളി, കോട്ടയം ജില്ലയിലെ പുവൻതുരുത്ത്, അത്താണി, വരവൂർ (തൃശ്ശൂർ), എടയാർ (എറണാകുളം), താമരശ്ശേരി(കോഴിക്കോട്), അരൂർ (ആലപ്പുഴ), അനന്തപുരം(കാസർഗോഡ്) എന്നി 9 Development Area/Development Plot -കളുടെ നവീകരണത്തിനായി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. 60:40 എന്ന അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന

സഹായത്തോടു കൂടിയാണ് MSE-CDP പദ്ധതിയിൻ കീഴിൽ പ്രോജക്ടുകൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നത്.

നിലവിലുള്ള Development Plot -കളുടെ റോഡുകൾ, Culvert drainage, Power, Water supply തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിനായി 70:30 അനുപാതത്തിൽ സർക്കാരും വ്യവസായ അസോസിയേഷനും ചേർന്ന് നടപ്പിലാക്കുന്ന പദ്ധതികളും നിലവിലുണ്ട്.

മാത്രമല്ല വ്യവസായ ആവശ്യത്തിന് കേരളത്തിൽ സ്ഥലം ലഭിക്കുന്നതിന് വളരെ ബുദ്ധിമുട്ടുകൾ ഉള്ള സാഹചര്യത്തിലാണ് നിലവിലുള്ള എസ്റ്റേറ്റുകളിൽ സ്ഥലം ലഭ്യമാകുന്നിടത്ത് ബഹുനില വ്യവസായ എസ്റ്റേറ്റുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചത്. ഇതിൽ എറണാകുളം ജില്ലയിലെ എടയാറിൽ 3 നിലയിലുള്ള വ്യവസായ സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു. തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽ പാടത്ത് സ്ഥാപിക്കുന്ന ബഹുനിലവ്യവസായ എസ്റ്റേറ്റിന്റെ പണികൾ അന്തിമ ഘട്ടത്തിലാണ്. കൂടാതെ പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ, പുതുശ്ശേരി, തിരുവനന്തപുരം ജില്ലയിലെ കൊച്ചുവേളി, മലപ്പുറം ജില്ലയിലെ മഞ്ചേരി എന്നിവിടങ്ങളിൽ ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ്സ് ടു ബിസിനസ് മീറ്റ്, വ്യവസായ സംഗമം, ബാംബൂഫെസ്റ്റ്, എല്ലാ ജില്ലകളിലും Investors Meet, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, Skill Development Programme തുടങ്ങിയ പരിപാടികളും നടത്തി വരുന്നു. ബോധവൽക്കരണ ക്ലാസുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ,

| | | | |
|---|---|---|---|
| | | | നിക്ഷേപകരുടെ മേളകൾ, MSME ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായ വൽക്കരണ പദ്ധതി, ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാതലങ്ങളിൽ നടത്തിവരുന്നു. കൂടാതെ ബിസിനസ് ടു ബിസിനസ് മീറ്റ്, എമർജിംഗ് കേരള, തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുളള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുളള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിച്ചു. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും Single Window Clearance Board (SWCB) പ്രവർത്തിച്ചുവരുന്നു.<br><br>കൂടാതെ BLBC, SLBC മുതലായ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിച്ചു വരുന്നു.<br><br>സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി മികച്ച പ്രവർത്തനം നടത്തുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും അവാർഡുകൾ വർഷം തോറും നൽകി വരുന്നു. |
| സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വ്യവസായ രംഗത്ത് എത്ര ശതമാനം നിക്ഷേപം വർദ്ധിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | സി) | ഈ സർക്കാർ അധികാരത്തിൽ , വന്ന ശേഷം ആരംഭിച്ചിട്ടുളള യൂണിറ്റുകളുടെ വിവരം ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ Entrepreneurship Memorandum Part-II സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയിട്ടുണ്ട്. പ്രസ്തുത യൂണിറ്റുകളുടെ വർഷം തിരിച്ചുളള നിക്ഷേപം (Investment) സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു |

| | | | | |
|---|---|---|---|---|
| | | വർഷം | Entrepreneurship Memorandum Part-II ഫയൽ ചെയ്ത യൂണിറ്റുകളുടെ എണ്ണം | നിക്ഷേപം (രൂപ കോടിയിൽ) |
| | | 2011-12 | 10389 | 1695.3 |
| | | 2012-13 | 13051 | 2392.97 |
| | | 2013-14 | 14997 | 2224.13 |
| | | 2014-15 | 15455 | 2392.68 |
| | | 2015-16 (ഒക്ടോബർ 31 വരെ) | 7544 | 1739.83 |
| (ഡി) | ഈ നിക്ഷേപ വർദ്ധനവ് ഏതെല്ലാം മേഖലയിലാണെന്ന് വ്യക്തമാക്കാമോ? | ഭക്ഷ്യം, തുകൽ, റബ്ബർ & പ്ലാസ്റ്റിക്, പുകയില, ടെക്സ്റ്റൈൽസ്, ഇലക്ട്രിക്കൽ, മെഷിനറി, പേപ്പർ, തടിയും തടി ഉൽപ്പന്നങ്ങളും തുടങ്ങിയ വിവിധ സെക്ടറുകളിലായി നിക്ഷേപ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. | | |

സെക്ഷൻ ഓഫീസർ